പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1837 12.06.2019-ലെ മറുപടിക്ക്

## ഗോവിന്ദപുരം-തൃശ്ശൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ബാബു | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഗോവിന്ദപുരം-തൃശ്ശൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. എത്ര ബസ് സർവ്വീസുകളാണ് തുടങ്ങിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | 22 സർവ്വീസുകൾ ഈ റൂട്ടിൽ പുതുതായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നെന്മാറ നിയോജകമണ്ഡലത്തിലെ ഗോവിന്ദപുരം മുതലുള്ള സ്ഥലങ്ങളിലെ വിദ്യാർത്ഥികൾ യാത്രക്കായി പ്രൈവറ്റ് ബസുകളെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ മേപ്പടി റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ. ടി.സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് യാത്ര ആനുകൂല്യം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | ഗോവിന്ദപുരം-തൃശ്ശൂർ റൂട്ടിൽ 08.05.2019 മുതൽ കെ.എസ്.ആർ.ടി.സി 22 പുതിയ സർവ്വീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. ടി റൂട്ടിൽ സ്റ്റോപ്പുകൾ നിജപ്പെടുത്തിയിട്ടുള്ള ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകളാണ് കെ.എസ്. ആർ.ടി.സി ആരംഭിച്ചിരിക്കുന്നത്. ടി സർവ്വീസുകൾ നിർത്തലാക്കണമെന്നും പിൻവലിക്കണമെന്നും കാണിച്ച് ബഹു. കേരള ഹൈക്കോടതി മുമ്പാകെ നിരവധി ഹർജ്ജികൾ സ്വകാര്യ ബസ്സുടമകളും, മറ്റ് തൽപരകക്ഷികളും നൽകിയിട്ടുള്ളതും ആയത് ഇപ്പോഴും പരിഗണനയിലുള്ളതും ആണ്. ടി സാഹചര്യത്തിൽ വിദ്യാർത്ഥി കൺസഷൻ ടിക്കറ്റ് ടി ബസ്സുകളിൽ നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |
| (സി) | നിലവിൽ ഏതെല്ലാം ജില്ലകളിലാണ് വിദ്യാർത്ഥികൾക്ക് യാത്രാ ആനുകൂല്യം നൽകുന്നത് എന്ന് വിശദമാക്കുമോ? | (സി) | കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള വിദ്യാർത്ഥികൾക്ക് യാത്രാ ആനുകൂല്യം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**